ഉത്തരം

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 13-7-2015-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 5289/2015/പൊ.ഭ.വ. പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

പ്ലസ് ടു താത്കാലിക അദ്ധ്യാപകരുടെ വേതനം

34 (3757) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ താല്കാലികമായി പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് വേതനം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ ജോലി നോക്കുന്ന എത്ര താല്കാലിക അദ്ധ്യാപകരാണ് സർക്കാർ എയ്ഡഡ് മേഖലയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി ആരംഭിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലും അധിക ബാച്ചുകളിലും 2014-15 അദ്ധ്യയന വർഷത്തിൽ 40 കുട്ടികളും 2015-16 അദ്ധ്യയന വർഷം മുതൽ 50 കുട്ടികളും ഏറ്റവും കുറഞ്ഞത് ഉണ്ടായിരിക്കേണ്ടതാണെന്നും പ്രസ്തുത അധിക ബാച്ചുകളിൽ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച് അദ്ധ്യയനം നടത്തേണ്ടതാണെന്നുമാണ് 31-7-2014-ലെ സ.ഉ. (കൈ) നമ്പർ 143/2014/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ബാച്ചുകളിൽ നിശ്ചിത എണ്ണം കുട്ടികൾ ഇല്ലാത്തപക്ഷം നിയമിക്കപ്പെടുന്ന താത്കാലിക അദ്ധ്യാപകരുടെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതല്ല എന്നും ടി സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥ പ്രകാരം നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് ദിവസവേതനം ലഭിക്കുന്നതിന് തടസ്സമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ 2015-16 വർഷത്തെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയശേഷമേ ആരംഭിക്കാൻ നിർവ്വാഹമുള്ളൂ.

പ്ലസ് ടു അഡ്മിഷൻ

35 (3758) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പ്ലസ്ടു കോഴ്സിന് നിരവധി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ കാലങ്ങളിൽ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചിട്ട് ആരംഭിക്കാത്ത സ്കൂളുകളുടെ ബാച്ചുകൾ റദ്ദ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 2015-16 അദ്ധ്യയന വർഷം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനം നേടുന്നതിനായി 5,18,353 അപേക്ഷകൾ ലഭിച്ചിരുന്നു. മുഖ്യ അലോട്ട്മെന്റിന്റെ അവസാന അലോട്ട്മെന്റിന് ആകെ 2,42,853 സീറ്റുകൾ ലഭ്യമായിരുന്നു. പ്രസ്തുത അലോട്ട്മെന്റിൽ 2,42,412 (99.82%) വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിക്കുകയുണ്ടായി. 2015 ജൂലൈ 8-ന് ക്ലാസുകൾ ആരംഭിച്ചു. തുടർന്ന് നിലവിൽ മെരിറ്റ് ക്വാട്ടയിലും സ്പോർട്സ് ക്വാട്ടയിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അനുവദിച്ചു.

9-7-2015-ലെ സ.ഉ.(കൈ) നമ്പർ 182/2015/പൊ.വി. പ്രകാരം പ്ലസ് വൺ പ്രവേശനത്തിനുള്ള സീറ്റുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ചു. അതനുസരിച്ച് സർക്കാർ മേഖലയിൽ 28190 സീറ്റും എയ്ഡഡ് മേഖലയിൽ 17624 സീറ്റും ലഭ്യമായിട്ടുണ്ട്. (ആകെ 45814 സീറ്റുകൾ). തുടർന്ന് സപ്ലിമെന്ററി അലോട്ട്മെന്റുകളും അവശേഷിക്കുന്നുണ്ട്. മുഖ്യ അലോട്ട്മെന്റിനുശേഷം ഒഴിവുള്ള സീറ്റും മാർജിനൽ വർദ്ധനവും ഉൾപ്പെടെ ആകെ 67890 സീറ്റുകൾ സപ്ലിമെന്ററി അലോട്ട്മെന്റിന് ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly